(Pages : 3) **M – 1320**

**Reg. No. : .............................**

**Name : ..................................**

## Fifth Semester B.A. Degree Examination, December 2021

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course VI

## ML 1541 : ഭാഷാശാസ്ത്രം - ഭാഷാചരിത്രം

## (2014, 2016 & 2017 Admission)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ദ്രാവിഡഭാഷകളെക്കുറിച്ച് റോബർട്ട് കാൽഡ്വൽ രചിച്ച ഗ്രന്ഥം.

2. ലാംഗ്വേജ് എന്ന ഗ്രന്ഥമെഴുതിയ ഭാഷാശാസ്ത്രജ്ഞൻ.

3. നിരണം കവികൾ എന്നറിയപ്പെടുന്നത് ആരെല്ലാം?

4. സമാനാർത്ഥമുള്ളതും പൂരകബന്ധമുള്ളതുമായ രൂപങ്ങൾക്കു പറയുന്ന പേര്.

5. ഉത്തമ മണിപ്രവാളത്തിന്റെ ലക്ഷണമെന്ത്?

6. പി. ഗോവിന്ദപ്പിള്ള എഴുതിയ ഭാഷാചരിത്രത്തിന്റെ പേരെന്ത്?

7. തിരുനിഴൽമാല എന്ന കാവ്യം ഏതു കാവ്യപ്രസ്ഥാനത്തെ പ്രതിനിധീകരിക്കുന്നു?

8. രചനാന്തരണപ്രജനകവ്യാകരണത്തിന്റെ ഉപജ്ഞാതാവ് ആരാണ്?

**P.T.O.**

9. ഭാഷാർത്ഥം എന്ന കൃതിയുടെ രചയിതാവ്.

10. കേരളത്തിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന രണ്ടുതരം ലിപിവ്യവസ്ഥകൾ ഏവ?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. പാട്ടുപ്രസ്ഥാനം - കുറിപ്പെഴുതുക.

12. ഭാഷാഭേദഭൂപടം എന്നാലെന്ത്?

13. സങ്കേതന-വിസങ്കേതന പ്രക്രിയകൾ വ്യക്തമാക്കുക.

14. കണ്ണശ്ശരാമായണം - കുറിപ്പെഴുതുക.

15. ഭാഷാജ്ഞാനം, ഭാഷാപ്രയോഗം എന്നിവ എന്താണെന്നു വിശദമാക്കുക.

16. വർത്തുളസ്വരം, അവർത്തുളസ്വരം എന്നിവ വ്യക്തമാക്കുക.

17. സ്വനിമാധിഷ്ഠിത ഉപരൂപം, രൂപാധിഷ്ഠിത ഉപരൂപം എന്നിവ വിശദീകരിക്കുക.

18. തുലനാത്മകഭാഷാശാസ്ത്രം - കുറിപ്പെഴുതുക.

19. മിഷണറിഗദ്യത്തിൽ രചിക്കപ്പെട്ട മലയാളകൃതികൾക്ക് ഉദാഹരണമെഴുതുക.

20. ജീവൽഭാഷ, മൃതഭാഷ എന്നിവ വ്യക്തമാക്കുക.

21. മണിപ്രവാളസാഹിത്യം - കുറിപ്പെഴുതുക.

22. ഘർഷങ്ങളുടെ ഉച്ചാരണരീതി വിവരിച്ച് മലയാളത്തിലെ ഘർഷശബ്ദങ്ങളുടെ സ്വനികസ്വഭാവം വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ഏകകാലികപഠനത്തിൽനിന്ന് ബഹുകാലികപഠനം എങ്ങനെ വ്യത്യസ്തമാകുന്നു?

24. കേന്ദ്രമേഖല, അവശിഷ്ടമേഖല, സംക്രമണമേഖല എന്നിവ എന്താണെന്നു വ്യക്തമാക്കുക.

25. വിശേഷരൂപിമങ്ങളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

26. ഏതെല്ലാം അടിസ്ഥാനത്തിൽ എങ്ങനെയെല്ലാമാണ് സ്വരങ്ങളെ വർഗ്ഗീകരിക്കുന്നത്?

27. രൂപിമനിർണ്ണയനത്തിന് ആധാരമായിരിക്കുന്ന അടിസ്ഥാന തത്ത്വങ്ങൾ വിശദീകരിക്കുക.

28. പത്രഭാഷയുടെ സ്വഭാവം വിശകലനം ചെയ്യുക.

29. പോർത്തുഗീസ്/സുറിയാനി/അറബി/പേർഷ്യൻ പദങ്ങൾ മലയാളത്തിൽ എത്രത്തോളമുണ്ട്? ഉദാഹരണസഹിതം വിശദീകരിക്കുക.

30. ഭാഷാചരിത്രത്തിൽ ശാസനഭാഷയ്ക്കുള്ള പ്രസക്തി പരിശോധിക്കുക.

31. ഉപസ്വനങ്ങൾ എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. ഭാഷാഭേദപഠനത്തിന്റെ പ്രസക്തിയും സാധ്യതയും വിശദീകരിക്കുക.

33. മലയാളഭാഷയുടെ ഉത്പത്തിയെക്കുറിച്ചുള്ള മതഭേദങ്ങൾ വിവരിക്കുക.

34. മലയാളകവിതയ്ക്ക് ഉണർവ്വും വെളിച്ചവും നൽകിയ കവിയാണ് എഴുത്തച്ഛൻ - സമർത്ഥിക്കുക.

35. മിഷണറിഗദ്യത്തിന്റെ സവിശേഷതകൾ വിവരിക്കുക.

**(2 × 15 = 30 Marks)**